<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.209

28-10-2019 ൽ മറുപടിയ്ക്ക്

## <u>വളാഞ്ചേരി ഫയർ സ്റ്റേഷൻ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റും മറ്റ് വിവരങ്ങളും ഫയർ ആന്റ് റസ്ക്യൂ വകുപ്പ് മേധാവി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | സമർപ്പിച്ചിട്ടുണ്ട്. |
| ബി) വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് വകുപ്പിൽ ലഭ്യമാണോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;<br><br>സി) ഫണ്ട് ആവശ്യപ്പെട്ട് വകുപ്പ് മേധാവി കത്ത് നൽകിയിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;<br><br>ഡി) വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി വകുപ്പിന്റെ പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ;<br><br>ഇ) ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ബി), സി), ഡി) & ഇ) | വളാഞ്ചേരി ഫയർസ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് നടപ്പ സാമ്പത്തിക വർഷത്തിൽ ഫണ്ട് വകയിരുത്തിയിട്ടില്ല. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി വകുപ്പ് മേധാവി 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയ്ക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ നടപ്പ വർഷത്തെ Plan Write up-ൽ വളാഞ്ചേരി ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ശുപാർശ ഈ സാമ്പത്തിക വർഷം പരിഗണിക്കാൻ സാധിക്കുകയില്ലെന്ന വിവരം വകുപ്പ മേധാവിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ